LIBRARY ARCHIVES Kerala Legislative Assembly

ഡി.ടി.പി.സി.കളിൽ ജോലി ചെയ്യുവരുന്ന താൽക്കാലിക ജീവനക്കാരുടെ വിവരങ്ങൾ

227 (8288) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഡി.ടി.പി.സി.-കളിൽ ജോലി ചെയ്യുവരുന്ന താൽക്കാലിക ജീവനക്കാരുടെ വിവരങ്ങൾ ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ച് മറുപടി നൽകുന്നതാണ്.

വിനോദസഞ്ചാര വികസന വകുപ്പിൽ മാനേജർ ഗ്രേഡ്-I

228 (8289) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) വിനോദസഞ്ചാര വികസന വകുപ്പിൽ മാനേജർ ഗ്രേഡ് I തസ്തിക യിലേക്ക് തസ്തിക മാറ്റം മുഖേന നിയമനം ലഭിക്കുന്നതിന് ഫീഡർ കാറ്റഗറി യിലുള്ള ജീവനക്കാരുടെ യോഗ്യതയിൽ സാങ്കേതിക പരിക്ഷാ കൺട്രോളർ നൽകുന്ന യോഗ്യതാ സർട്ടിഫിക്കറ്റായ ഫുഡ് ക്രാഫ്റ്റ് സർട്ടിഫിക്കറ്റ് ഇൻ ഹോട്ടൽ റിസപ്ഷൻ, ബുക്ക് കീപ്പിംഗ് ആന്റ് ടൈപ്പ് റൈറ്റിംഗ് എന്നിവ മതിയായ യോഗ്യതയായി അംഗീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(നക്ഷത്രചിഹ്നമിടാത്ത 8250-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)